പൂർത്തീകരിച്ച ജലസേചന പദ്ധതികൾ

115 (851) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ച ജലസേചന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റെയും മൊത്തം ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പൂർത്തീകരിച്ച ജലസേചന പദ്ധതികളിൽ 1996-97 മുതൽ ഓരോ വർഷവും ചെലവു ചെയ്ത തുകയുടെ കണക്കുകൾ വ്യക്തമാക്കുമോ ;

(ഡി) 1974 ലെ "സ്റ്റഡി റിപ്പോർട്ട് ഓഫ് വാട്ടർ റിസോഴ്സസ് ഓഫ് കേരള"യുടെ ഒരു പകർപ്പു ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന പദ്ധതിയായ കണക്കൻ കടവിലെ റഗുലേറ്റർ കം-ബ്രിഡ്ജ് പൂർത്തിയായിട്ടുണ്ട്.

(ബി) 31-3-2000 വരെ 1,059 ലക്ഷം രൂപ ഇതിന് ചെലവായിട്ടുണ്ട്.

(സി) മേൽ പദ്ധതിക്ക് 1996-97 മുതൽ ഓരോ വർഷവും ചെലവഴിച്ച തുക താഴെ ചേർക്കുന്നു.

1996-97	250 ലക്ഷം രൂപ
1997-98	100 ലക്ഷം രൂപ
1998-99	288 ലക്ഷം രൂപ
1999-2000	127 ലക്ഷം രൂപ

(ഡി) 1974 ലെ "സ്റ്റഡി റിപ്പോർട്ട് ഓഫ് വാട്ടർ റിസോഴ്സസ് ഓഫ് കേരള"യുടെ ഒരു പകർപ്പു മാത്രമേ ഓഫീസ് ഉപയോഗത്തിനായി ലഭ്യമായിട്ടുള്ളൂ. എന്നതിനാൽ തൽക്കാലം നിർവ്വാഹമില്ല.

ജപ്പാൻ ബാങ്ക് ഓഫ് ഇന്റർ നാഷണൽ കോ-ഓപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ കൺസൾട്ടൻസി നിയമനം

116 (857) ശ്രീ. ടി. എം. ജേക്കബ് :
പ്രൊഫ. എ. വി. താമരാക്ഷൻ :
ശ്രീ. ബാബു ദിവാകരൻ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ജപ്പാൻ ബാങ്ക് ഓഫ് ഇന്റർ നാഷണൽ കോ-ഓപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ കൺസൾട്ടൻസി നിയമനം സംബന്ധിച്ച് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഏത് കമ്പനിയാണ് ഒന്നാം റാങ്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് ആഗോള ടെണ്ടർ വിളിച്ചതിനുശേഷം ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയതിൽ പ്രസ്തുത കമ്പനിക്ക് എത്രാം റാങ്കാണ് ഉണ്ടായിരുന്നത് ;

(സി) ഈ കമ്പനിക്ക് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയതിൽ 'എക്സ്പീരിയൻസിന്' എത്ര മാർക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ഡി) കൺസൾട്ടൻസിയെ നിയമിക്കുന്നത് സംബന്ധിച്ച് ടെക്നിക്കൽ ബിഡ് പരിശോധിക്കാൻ നിശ്ചയിച്ച കമ്മിറ്റിയിൽ ഏതെല്ലാം ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആരുടെ എല്ലാം പേരിൽ വിജിലൻസ് കേസ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഒന്നാം റാങ്ക് നൽകിയ കമ്പനി കൺസൾട്ടൻസി ഫീസ് ഇനത്തിൽ എത്രകോടി രൂപയാണ് ടെണ്ടർ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ ;

(ജി) കൺസൾട്ടൻസി സംബന്ധിച്ച് പ്രസ്തുത കമ്പനിയുമായി എത്ര കോടി രൂപയ്ക്കാണ് ചർച്ച ചെയ്ത കരാർ ഉറപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ ഒ.ഇ.സി.എഫ് (ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ) ന്റെ സഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ കൺസൾട്ടൻസി സർവ്വീസിനു വേണ്ടി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഏഴ് കമ്പനികളിൽ നിന്നും ഓഫറുകൾ ക്ഷണിച്ചപ്പോൾ നാല് കമ്പനികൾ ഓഫറുകൾ സമർപ്പിച്ചു. ഈ നാല് കമ്പനികളുടെ ടെക്നിക്കൽ ബിഡുകളുടെ മൂല്യനിർണ്ണയത്തിൽ പസഫിക് കൺസൾട്ടന്റ്സ് ഇന്റർനാഷണൽ ജപ്പാൻ എന്ന കമ്പനിക്കാണ് ഒന്നാം റാങ്ക് കിട്ടിയത്.

(ബി) 13-ാം റാങ്ക്

(സി) കേരള വാട്ടർ അതോറിറ്റിയുടെ ടെണ്ടർ കമ്മറ്റി ഷോർട്ട് ലിസ്റ്റ് തയ്യാറാക്കാൻ വേണ്ടി നടത്തിയ മൂല്യ നിർണ്ണയത്തിൽ പസഫിക് കൺസൾട്ടന്റ് ഇന്റർ നാഷണൽ എന്ന കമ്പനിക്ക് എക്സ്പീരിയൻസ് എന്ന മാനദണ്ഡവുമായി ബന്ധപ്പെട്ട് ലഭിച്ച മാർക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

1. നിർദ്ദിഷ്ട പദ്ധതിപോലുള്ള ശുദ്ധ ജലവിതരണ പദ്ധതികളിലുള്ള എക്സ്പീരിയൻസ്- $16/50$
2. ഏഷ്യയിലെ എക്സ്പീരിയൻസ് $6/6$
3. ഇന്ത്യയിലെ എക്സ്പീരിയൻസ് $4/8$

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

1. ശ്രീമതി റ്റി. ആർ ഇന്ദിര ചീഫ് എൻജിനീയർ ഒ.ഇ.സി.എഫ് പ്രോജക്ട്സ്, കേരള വാട്ടർ അതോറിറ്റി (ഇപ്പോൾ ചീഫ് എഞ്ചിനീയർ, മദ്ധ്യമേഖല)
2. ശ്രീ. സി. എൻ പ്രസന്നകുമാർ-ചീഫ് എൻജിനീയർ സതേൺ റീജിയൻ, കേരള വാട്ടർ അതോറിറ്റി.
3. ശ്രീ. എം. ഗണേശൻ അക്കൗണ്ട്സ് മെമ്പർ, കേരള വാട്ടർ അതോറിറ്റി.
4. ശ്രീ. കെ. ലോകേശൻനായർ-ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പി. ആന്റ് എം യൂണിറ്റ് കേരള വാട്ടർ അതോറിറ്റി. (ഇപ്പോൾ ചീഫ് എഞ്ചിനീയർ, പി.എസ് ജി.എൽ)

(ഇ) ശ്രീ. സി. എൻ. പ്രസന്നകുമാറിന്റെ പേരിൽ വിജിലൻസ് കേസ് നിലവിലുണ്ട്.

(എഫ്) ടെക്നിക്കൽ ബിഡ് ഇവാല്യൂവേഷനിൽ ഒന്നാം റാങ്ക് കിട്ടിയ പസഫിക് കൺസൾട്ടന്റ് ഇന്റർനാഷണൽ, ജപ്പാൻ എന്ന കമ്പനിയുടെ ഫൈനാൻഷ്യൽ ബിഡ് പരിശോധിച്ച് വരുന്നതേയുള്ളു.

(ജി) കൺസൾട്ടൻസിയുടെ കരാർ ഇതുവരെയും ഉറപ്പിച്ചിട്ടില്ല.

തിരുവനന്തപുരം നഗരത്തിലെ പൈപ്പുലൈൻ പൊട്ടുന്ന സംഭവം

117 (858) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണത്തിനായി അരുവിക്കരയിൽ നിന്നും വെള്ളം കൊണ്ടുവരുന്ന പൈപ്പ് കൂടെ കൂടെ പൊട്ടുന്നതു മൂലം നഗരത്തിലെ ജലവിതരണം മുടങ്ങി നഗരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് ഉത്തരവാദിത്വം ആർക്കെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) അരുവിക്കരയിൽ നിന്നും തിരുവനന്തപുരം നഗരത്തിലേയ്ക്ക് വെള്ളം എത്തിക്കുന്ന പൈപ്പിൽ ചിലപ്പോൾ പൊട്ടലോ ചോർച്ചയോമൂലം ജലവിതരണം തടസ്സപ്പെട്ട് നഗരവാസികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly